# ജീവിതയാത്ര
Jeevitha Yatra


KRISHNAMURTI FOUNDATION INDIA SEPTEMBER-DECEMBER 2012 RS.2/- VOL. 8 ISSUE I

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**


## ശീലവിധേയത്വത്തിൽനിന്ന് മുക്തമായ മനസ്സ്

നിങ്ങൾ ഗൗരവമുള്ളവരാണെങ്കിൽ, മനസ്സിനെ ശീലവിധേയത്വങ്ങളിൽ നിന്ന് മുക്തമാക്കാൻ കഴിയുമോ എന്നചോദ്യം തീർച്ചയായും വളരെ മൗലികമായ കാര്യങ്ങളിൽ ഒന്നായിരിക്കും. വിവിധ സംസ്ക്കാരങ്ങളും സാമൂഹ്യമൂല്യങ്ങളും ഉൾപ്പെടുന്ന ഈ ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മനുഷ്യർ ഗാഢമായി ശീലവിധേയരാക്കപ്പെട്ടവരാണെന്നു നാം കാണുന്നു. മനുഷ്യർ ഒരു പ്രത്യേക മാതൃകയനുസരിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഭൂതകാലത്തിന്റെ പശ്ചാത്തലത്തിലാണ് അവൻ വർത്തമാനകാലവുമായി ബന്ധപ്പെട്ടിട്ടുള്ളത്. അവൻ വളരെയധികം അറിവ് ആർജിച്ചിട്ടുണ്ട്. അവന് ആയിരമായിരം കൊല്ലങ്ങളുടെ അനുഭവങ്ങളുണ്ട്. അവന്റെ വിദ്യാഭ്യാസം, സംസ്ക്കാരം, സാമൂഹ്യസദാചാരം, പ്രചരണം, മതം ഇവയെല്ലാം അവനെ ശീലവിധേയമാക്കിയിരിക്കുന്നു. ഇതിനോടു അവന് പ്രത്യേകമായ സ്വന്തം പ്രതികരണവുമുണ്ട്; ആ പ്രതികരണം ശീലവിധേയതയുടെ മറ്റൊരു പുറം തന്നെയാണ്.

ഈ ശീലവിധേയത്വത്തിന്റെ മുഴുവൻ പ്രസക്തിയും, അത് ദേശീയമായും, മതപരമായും, സാമൂഹ്യമായും, ഭാഷാപരമായും മനുഷ്യരെ എങ്ങനെ വേർതിരിക്കുന്നുവെന്ന് അറിയണമെങ്കിൽ, അതിന് വേണ്ടത്ര ശ്രദ്ധ നൽകണം. ഈ വേർതിരിവുകൾ വലിയ തടസ്സങ്ങളാണ്; അവ സംഘർഷവും ഹിംസയും ഉളവാക്കുന്നു. ഒരാൾക്ക് ക്രിയാത്മകമായി, സമാധാനപരമായി ജീവിക്കണമെങ്കിൽ ശീലവിധേയത്വത്തെ മനസ്സിലാക്കണം. അത് ഉപരിതലത്തിലോ, പരിപ്രാന്തത്തിലോ മാത്രമുള്ള സംഗതിയല്ല, ആഴത്തിൽ മറഞ്ഞുകിടക്കുന്നതുകൂടിയാണ്. ഈ ശീലവിധേയത്വത്തിന്റെ ഘടനയെ അനാവരണം ചെയ്യാൻ കഴിയുമോ എന്ന് നാം കണ്ടുപിടിക്കണം. അത് കണ്ടുപിടിച്ചാൽ അതിനപ്പുറം പോകാൻ നാം



എന്തുചെയ്യണം?

നിങ്ങൾ ശീലവിധേയനാണെന്ന് കണ്ടുപിടിക്കുകയും, എന്നാൽ "എനിക്ക് ഒരിക്കലും മനസ്സിനെ ശീലവിധേയത്വത്തിൽനിന്ന് മുക്തമാക്കാൻ കഴിയില്ല" എന്നു പറയുകയും ചെയ്താൽ, അതോടെ ആ പ്രശ്നം അവസാനിക്കുന്നു. ശീലവിധേയത്വത്തിൽനിന്ന് മുക്തമാവാൻ കഴിയില്ലെന്ന പ്രമാണസൂത്രവുമായി നിങ്ങൾ ആരംഭിച്ചാൽ, എല്ലാ അന്വേഷണങ്ങളും അവസാനിക്കുന്നു. നിങ്ങൾ പ്രതിരോധിക്കുകയും പ്രശ്നത്തിന് പരിഹാരം കാണുകയും ചെയ്തതിനാൽ എല്ലാം തീർന്നു. പിന്നെ നിങ്ങൾക്കു ചെയ്യാവുന്നത് ഈ ശീലവിധേയത്വത്തെ മോടിപിടിപ്പിക്കുക മാത്രമാണ്. എന്നാൽ കുറെക്കൂടി ആഴത്തിൽ ഇറങ്ങിചെന്നാൽ, പ്രശ്നത്തെക്കുറിച്ച് കൂടുതൽ അവബോധമുണ്ടായാൽ, പിന്നീട് നിങ്ങൾ എന്ത് ചെയ്യണം? ഇത് വളരെ ഗൗരവതരമായ വെല്ലുവിളിയാണെങ്കിൽ, അതിനെ തട്ടിക്കളയാതെ എങ്ങനെ നേരിടും? ഇത് നിങ്ങളുടെ ജീവിതത്തിൽ ഊർജ്ജസ്വിയായതും അത്യധികം പ്രധാനവുമാണെങ്കിൽ, നിങ്ങളുടെ ഉത്തരം എന്താണ്?

നിങ്ങൾ ഈ ശീലവിധേയത്വ

☞ 2

## നിശ്ശബ്ദതയിൽ സംഭവിക്കുന്നത്

*ചോദ്യകർത്താവ്:* ഭയം, ദുഃഖം ദ്വേഷം എന്നല്ല, മനുഷ്യന്റെ എല്ലാ ദുരിതങ്ങളും അവസാനിപ്പിക്കുന്നതിന്റെ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നു. സദാചാരത്തിന്റെ, ധാർമ്മികതയുടെ, അടിത്തറ നാം സ്വയം പാകേണ്ടതുണ്ട്. അവിടെ വെറുപ്പും അസൂയയും മൃഗീയതയും ഉണ്ടാവരുത്. അവിടെ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം — ഏതെങ്കിലുമൊന്നിൽനിന്നുള്ള സ്വാതന്ത്ര്യമല്ല, സ്വതഃസിദ്ധമായ സ്വാതന്ത്ര്യം, നാമൊരിക്കലും നമ്മുടെ തന്നെ ചോദനകളുടെയും ആഗ്രഹങ്ങളുടെയും തടവറയിലായിരിക്കരുത്. എനിക്കിതെല്ലാം നന്നായറിയാം. ഈ ധാരണയുടെ വെളിച്ചത്തിൽ ജീവിക്കാൻ ഞാൻ ശ്രമിക്കുന്നുമുണ്ട്. (ശ്രമിക്കുന്നു എന്ന വാക്ക് താങ്കൾക്കൊരുപക്ഷേ ഇഷ്ടമാവില്ല.) ഒരതിർത്തിവരെ ഞാൻ എന്നിലേക്കുതന്നെ ആഴത്തിൽ സഞ്ചരിച്ചിട്ടുണ്ട്. ഐഹികമായ കാര്യങ്ങളാലോ, മതകാര്യങ്ങളാലോ ഞാൻ ബന്ധിതനല്ല. ഞാൻ ചോദിക്കട്ടെ; ജീവിതത്തിന്റെ എല്ലാ ദുരിതങ്ങളിൽ നിന്നും, കാലുഷ്യങ്ങളിൽ നിന്നും ബാഹ്യമായല്ല, ആന്തരികമായിത്തന്നെ ഒരാൾ സ്വതന്ത്രനായെന്നു വിചാരിക്കുക — മതിലിനപ്പുറത്ത് പിന്നെന്താണുള്ളത്? മതിലെന്നു പറയുമ്പോൾ ഞാനുദ്ദേശിക്കുന്നത് ഭയം, ദുഃഖം, അവിരാമമായ ചിന്താസമ്മർദ്ദം എന്നിവയാണ്. ഏതെങ്കിലുമൊരു പ്രവർത്തനത്തോട് ബന്ധിക്കപ്പെടാതെ മനസ്സു ശാന്തമായിരിക്കുമ്പോൾ നമുക്കെന്താണ് അവിടെ കാണാൻ സാധിക്കുക?

*കൃഷ്ണമൂർത്തി:* 'എന്താണ് അവിടെ' എന്നു ചോദിക്കുമ്പോൾ താങ്കൾ ഉദ്ദേശിക്കുന്നതെന്താണ്? കാണാൻ, സ്പർശിക്കാൻ, അനുഭവിക്കാൻ, മനസ്സിലാക്കാൻ കഴിയുന്ന എന്തെങ്കിലുമാണോ? അതോ ബോധോദയമെന്നാൽ എന്താണ് എന്നാ

*അഞ്ചാം പേജിൽ തുടർച്ച*

# ശീലവിധേയത്വത്തിൽനിന്ന് മുക്തമായ മനസ്സ്

ത്തെ കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ നിരീക്ഷണരീതി എന്താണ്? നിങ്ങൾതന്നെ അതിനെ നിരീക്ഷിച്ചിട്ടുണ്ടോ, അഥവാ ആരെങ്കിലും അതിനെപ്പറ്റി നിങ്ങളോടു പറഞ്ഞതാണോ? ഇത് യഥാർത്ഥത്തിൽ ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഇത് നിങ്ങൾ പറഞ്ഞുകേട്ടതുകൊണ്ട് നിങ്ങൾ "അതേ, ഞാൻ ശീലവിധേയമാക്കപ്പെട്ടിരിക്കുന്നു" എന്ന് പറയുകയാണെങ്കിൽ, നിങ്ങൾ ഒരു നിർദ്ദേശത്തിനോട് പ്രതികരിക്കുന്നു. അത് യഥാർത്ഥമല്ല; അത് നിങ്ങൾ സ്വീകരിച്ചിട്ടുള്ളതും ഒത്തുപോകുന്നതുമായ ഒരു വാചികമായ ആശയമാണ്. അത് നിങ്ങളുടെ സ്വന്തം കണ്ടുപിടിത്തത്തിൽനിന്നും വളരെ വ്യത്യസ്ഥമാണ്. നിങ്ങൾ തന്നെ കണ്ടുപിടിച്ചാൽ അത് അത്യധികം സജീവമായിരിക്കും. അപ്പോൾ ശീലവിധേയത്വത്തിൽ നിന്ന് മുക്തനാവാനുള്ള തീവ്രവികാരം നിങ്ങൾക്ക് ഉണ്ടായിരിക്കും.

ശീലവിധേയമാക്കപ്പെട്ടവനാണെന്ന് നിങ്ങൾ കണ്ടുപിടിച്ചത്, തേടിയതു കൊണ്ടും അന്വേഷിച്ചതുകൊണ്ടും നിരീക്ഷിച്ചതുകൊണ്ടുമാണോ? അങ്ങനെയാണെങ്കിൽ ആരാണ് അത് കണ്ടു പിടിച്ചത്? നിരീക്ഷകനോ, പരീക്ഷകനോ, അപഗ്രഥകനോ? ലോകത്തിലുണ്ടാകുന്ന കുഴപ്പങ്ങൾക്കും ഭ്രാന്തിനും കാരണമാകുന്ന ഈ ശീലവിധേയത്വത്തെ ആരാണ് നിരീക്ഷിക്കുന്നത്, ആരാണ് അപഗ്രഥിക്കുന്നത്, ആരാണ് പരിശോധിക്കുന്നത്? നിരീക്ഷണത്തിലൂടെ ആരാണ് ഈ ശീലവിധേയത്വത്തിന്റെ ഘടനയും അതിന്റെ ഫലവും കണ്ടുപിടിച്ചത്?

അകത്തും പുറത്തുമായി (പുറം, നാമെന്താണോ അതിന്റെ ഭാഗമാണ്) നടക്കുന്ന കാര്യങ്ങളെ നിരീക്ഷിച്ചതുകൊണ്ട്, ലോകമെങ്ങും നടന്നുകൊണ്ടിരിക്കുന്ന സംഘർഷങ്ങളും, യുദ്ധങ്ങളും, കുഴപ്പങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചതുകൊണ്ട്, ഞാൻ ശീലവിധേയനാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഈ ശീലവിധേയത്വത്തിന്റെ അനന്തരഫലവും ഞാൻ കാണുന്നുണ്ട്. അപ്പോൾ ശീലവിധേയനാണെന്ന് കണ്ടെത്തിയ ഒരു നിരീക്ഷകനുണ്ട്. അതിനാൽ മറ്റൊരു ചോദ്യം ഉദിക്കുന്നു. നിരീക്ഷകൻ, താൻ നിരീക്ഷിച്ചതിൽ നിന്നും, കണ്ടെത്തിയതിൽ നിന്നും വ്യത്യസ്തമാണോ? തന്നിൽ നിന്നും വേറിട്ട ഒന്നാണോ അത്? വേർപാടുണ്ടെങ്കിൽ വിഭജനമുണ്ടാകുന്നു. തുടർന്ന്, ഈ ശീലവിധേയത്വത്തിൽ നിന്ന് എങ്ങനെ മോചനം നേടാം, എങ്ങനെ അതിനെ ജയിക്കാം, എങ്ങനെ അതിനെ കൈകാര്യം ചെയ്യാം എന്നിങ്ങനെയുള്ള സംഘർഷങ്ങളും ഉണ്ടാകുന്നു.

രണ്ട് വിഭിന്ന വസ്തുതകൾ, രണ്ട് വിഭിന്ന ചലനങ്ങൾ – നിരീക്ഷകനും നിരീക്ഷിതവസ്തുവും – ഉണ്ടോ എന്ന് നാം കണ്ടുപിടിക്കണം. നിരീക്ഷകനും നിരീക്ഷിത വസ്തുവും വേർപെട്ടവയാണോ? അതോ, നിരീക്ഷകൻ നിരീക്ഷിത വസ്തുതന്നെയാണോ? ഇത് സ്വയം കണ്ടെത്തുന്നത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്; അത് സാദ്ധ്യമായാൽ നിങ്ങളുടെ ചിന്താരീതിയിൽത്തന്നെ വലിയ മാറ്റമുണ്ടാകും. അതൊരു മൗലികമായ കണ്ടെത്തലാണ്. അതു കാരണം, ധാർമ്മികമൂല്യങ്ങളുടെ ഘടനയിലും, അറിവിന്റെ തുടർച്ചയിലും വ്യത്യസ്തമായ അർത്ഥമുണ്ടാവും. ഇത് നിങ്ങൾ സ്വയം കണ്ടെത്തിയതാണോ എന്ന് നോക്കുക. അതോ മറ്റാരെങ്കിലും സത്യമെന്ന് പറഞ്ഞത് നിങ്ങൾ സ്വീകരിച്ചതാണോ ഈ സത്യം? അത് നിങ്ങൾ സ്വയം കണ്ടെത്തിയതാണെങ്കിൽ, അത് വളരെയേറെ ഊർജ്ജത്തെ വിട്ടയയ്ക്കുന്നു. ഈ ഊർജ്ജം, മുമ്പ്, നിരീക്ഷകനും നിരീക്ഷിതവസ്തുവും എന്ന വേർപിരിവിനാൽ വെറുതെ നഷ്ടപ്പെടുകയായിരുന്നു.

കർമ്മത്തിൽ അറിവ് (മാനസിക ശീലവിധേയത്വം) തുടർന്നുപോകുമ്പോൾ, അത് ഊർജ്ജത്തെ പാഴാക്കുന്നു. അറിവ്, നിരീക്ഷകൻ ശേഖരിച്ചുവെച്ചതാണ്. ഈ അറിവിനെ, നിരീക്ഷകൻ തന്റെ കർമ്മത്തിനുപയോഗിക്കുന്നു. എന്നാൽ ഈ അറിവ് കർമ്മത്തിൽ നിന്ന് ഭിന്നിക്കപ്പെട്ടിരിക്കുന്നു. അതിനാൽ സംഘർഷമുണ്ടാകുന്നു. ഈ അറിവിനെ പറ്റിപ്പിടിച്ചിരിക്കുന്ന സത്ത നിരീക്ഷകനാണ്; അത് അയാളുടെ ശീലവിധേയത്വമാണ്. മൗലികമായ ഈ തത്വം സ്വയം കണ്ടെത്തണം. അതൊരു മൂലതത്വമാണ്. അത് ദൃഢീകൃതമായ വല്ലതുമല്ല. വീണ്ടും ചോദ്യംചെയ്യാൻ കഴിയാത്ത ഒരു സത്യമാണ്.

മാനസികമായി നോക്കിയാൽ നിരീക്ഷകൻ നിരീക്ഷിതവസ്തുവാണ്. ഈ സത്യം, ഈ ലളിതമായ യാഥർത്ഥ്യം കണ്ടെത്തിയ മനസ്സിന് എന്തു സംഭവിക്കും? ഇത് കണ്ടെത്തിയാൽ, ഒരു ആത്മാവുണ്ട്, ശരീരത്തിൽനിന്ന് ഭിന്നമായ ഒരു ജീവശക്തിയുണ്ട് എന്ന ആശയങ്ങളാൽ ഇത്രയും കാലം ശീലവിധേയമാക്കപ്പെട്ട മനസ്സിന് എന്തുസംഭവിക്കും? ഈ കണ്ടുപിടിത്തം സ്വാതന്ത്ര്യത്തിലേക്കുള്ള വാതിൽ തുറക്കുന്നില്ലെങ്കിൽ, അതിനർത്ഥമില്ല. അത് നിങ്ങളെ എവിടെയും എത്തിക്കാത്ത, ബുദ്ധിപരമായ മറ്റൊരു ആശയംമാത്രമാണ്. അതൊരു യഥാർത്ഥ കണ്ടുപിടിത്തമാണെങ്കിൽ, പരമാർത്ഥമാണെങ്കിൽ, അവിടെ സ്വാതന്ത്ര്യമുണ്ടായിരിക്കണം. പക്ഷെ സ്വാതന്ത്ര്യമെന്നാൽ നിങ്ങൾക്ക് തോന്നുന്നത് പ്രവർത്തിക്കാനോ, ആശിച്ചത് സഫലമാക്കാനോ, ആയിത്തീരാനോ, നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമല്ല.

സ്വതന്ത്ര്യമായ മനസ്സ് തിരഞ്ഞെടുക്കുമോ? തിരഞ്ഞെടുക്കുകയെന്നാൽ അതുവേണോ ഇതുവേണോ എന്ന് തീരുമാനിക്കുക. എന്നാൽ തിരഞ്ഞെടുപ്പിന്റെ ആവശ്യം തന്നെയുണ്ടോ? ഇതൊരു വാചികമായ പ്രസ്താവനയല്ല; അതിന്റെ ഉള്ളിലേക്ക് ഇറങ്ങിചെല്ലണം. പ്രതിദിനം അതിനോടൊത്ത് ജീവിക്കണം. അപ്പോൾ അതിന്റെ ശക്തിയും സൗന്ദര്യവും തീവ്രതയും നാം അനുഭവപ്പെടും.

തിരഞ്ഞെടുക്കൽ തീരുമാനത്തെ വിവക്ഷിക്കുന്നു, തീരുമാനം എടുക്കുന്നത് ഇച്ഛാശക്തിയുടെ പ്രവർത്തനമാണ്. അതോ ഇതോ ചെയ്യാൻ ഇച്ഛാശക്തിയെ പ്രയോഗിക്കുന്ന സത്ത ഏതാണ്? ദയവുചെയ്ത് ഇത് മനസ്സിലാക്കുക. നിരീക്ഷകനും നിരീക്ഷിതവസ്തുവും ഒന്നാണെങ്കിൽ, തീരുമാനിക്കേണ്ട ആവശ്യമെന്ത്? തിരഞ്ഞെടുക്കലിനെ ആസ്പദമാക്കി ഏതുതരത്തിലുള്ള മാനസികമായ തീരുമാനിക്കലുണ്ടോ, അത് മനസ്സിന്റെ വ്യാകുലതയെ സൂചിപ്പിക്കുന്നു. വ്യക്തമായി ദർശിക്കാൻ കഴിയുന്ന മനസ്സ് തെരഞ്ഞെടുക്കുന്നില്ല – അവിടെ കർമ്മം മാത്രമെയുള്ളു. നിരീക്ഷകനും നിരീക്ഷിത വസ്തുവും തമ്മിൽ ഭിന്നതയുണ്ടാകുമ്പോൾ മാത്രമേ അവ്യക്തതയുണ്ടാകുന്നുള്ളു.

*ചോദ്യകർത്താവ്:* വസ്തുതയായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ തെരഞ്ഞെടുക്കൽ, ഈ ഭിന്നത ആവശ്യമാണ്, അല്ലേ?

*കൃഷ്ണമൂർത്തി:* തവിട്ടുനിറത്തിലും ചുവപ്പുനിറത്തിലും ഉള്ള തുണികളിൽ നിന്ന് ഒന്ന് ഞാൻ തിരഞ്ഞെടുക്കുന്നു. പക്ഷെ ഞാനിവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് മാനസികമായ തിരഞ്ഞെടുപ്പിനെപ്പറ്റിയാണ്.

# ശീലവിധേയത്വത്തിൽനിന്ന് മുക്തമായ മനസ്സ്

തിരഞ്ഞെടുക്കലിന്റെയും വേർപിരിവിന്റെയും തീരുമാനത്തിന്റെയും പരിണതഫലത്തെക്കുറിച്ച് മനസ്സിലാക്കുന്നുണ്ടെങ്കിൽ, പിന്നെ തിരഞ്ഞെടുക്കൽ ഒരു നിസ്സാരകാര്യമായിത്തീരുന്നു. ഉദാഹരണമായി, ഞാൻ ആശയക്കുഴപ്പത്തിലാണെന്നിരിക്കട്ടെ. ലോകത്തിൽ ഞാനൊരു കത്തോലിക്കനായി അല്ലെങ്കിൽ ഹിന്ദുവായി വളർത്തപ്പെട്ടവനാണ്. എനിക്ക് അതിൽ ഒട്ടും സംതൃപ്തിയില്ല. അതുകൊണ്ട് ഞാൻ മറ്റൊരു മതസംഘടന "തിരഞ്ഞെടുക്കുന്നു", അതിലേക്ക് ചാടുന്നു. എന്നാൽ ഒരു പ്രത്യേക മതാധിഷ്ഠിത സംസ്കാരത്തിന്റെ മുഴുവൻ ഉപാധികൾ പരിശോധിക്കുമ്പോൾ, അത് വെറുമൊരു പ്രചാരണവും വിശ്വാസങ്ങളുടെ സ്വീകരിക്കലുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇവയെല്ലാം ഭയത്തിൽനിന്നും മാനസിക സുരക്ഷിതത്വത്തിനായുള്ള ആഗ്രഹത്തിൽ നിന്നുമാണ് ഉളവാകുന്നത്. ആഭ്യന്തരമായി എനിക്ക് പോരായ്മകളും ദുരിതവും അനിശ്ചിതത്വവും ദുഃഖവും ഉള്ളതിനാൽ, സുരക്ഷയും ദൃഢതയും തരുമെന്ന് കരുതുന്ന ഏതെങ്കിലുമൊന്നിൽ വിശ്വാസമർപ്പിക്കുന്നു. ഞാൻ സംബന്ധപ്പെട്ടിരിക്കുന്ന മതം പരാജയപ്പെടുമ്പോൾ, സുരക്ഷിതത്വം കണ്ടെത്തുമെന്ന ആശയിൽ ഞാൻ മറ്റൊരു മതത്തിലേക്ക് ചാടുന്നു. അതിന്റെ പേരെന്തായാലും അത് പഴയ സംഗതി തന്നെ. മനസ്സിന് ഇതിനെക്കുറിച്ച് വ്യക്തമാണെങ്കിൽ, അത് മുഴുവൻ കാര്യവും മനസ്സിലാക്കുന്നു. അതുകൊണ്ട് അതിനു തിരഞ്ഞെടുപ്പിന്റെ ആവശ്യം ഉണ്ടാകുന്നില്ല. അപ്പോൾ ഇച്ഛയനുസരിച്ച് പ്രവർത്തിക്കാനുള്ള പ്രതികരണം തികച്ചും ഇല്ലാതാകുന്നു. ഇച്ഛാശക്തിയെന്നാൽ ചെറുത്തുനില്പാണ്, വേറിട്ടു നിൽക്കലാണ്. വേറിട്ടു നിൽക്കുന്ന മനസ്സ് സ്വതന്ത്രമല്ല.

സ്വാതന്ത്ര്യത്തിനുവേണ്ടി അറിവു സമ്പാദിക്കാനുള്ള ശ്രമത്തിൽപ്പെട്ടുപോകുന്ന മനസ്സ് സ്വാതന്ത്ര്യത്തിൽ എത്തി ച്ചേരുന്നില്ല. എന്തുകൊണ്ട് അറിവ് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതിയായി തീർന്നിരിക്കുന്നു? മറ്റുള്ളവർ കണ്ടെത്തിയ, സഞ്ചിതമായ അനുഭവങ്ങളാണ് അറിവാകുന്നത് - അതായത് ശാസ്ത്രം, മനശാസ്ത്രം എന്നിവയെക്കുറിച്ചുള്ള അറിവുകൾ. സ്വന്തം പഠിപ്പിലൂടെയും നിരീക്ഷണത്തിലൂടെയും ആർജ്ജിച്ച അറിവും അതിനോടൊപ്പം ചേരുന്നു. എന്നാൽ സ്വാതന്ത്ര്യത്തിൽ അറിവിനുള്ള സ്ഥാനമെന്ത്? അറിവെന്നാൽ എപ്പോഴും ഭൂതകാലമാണ്. "ഞാൻ അറിയുന്നു" എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ അറിഞ്ഞിരുന്നുവെന്നാണർത്ഥം. എല്ലാ അറിവുകളും, അവ്യക്തിപരമോ, ശാസ്ത്രീയമോ, സാമുദായികമോ ആണെങ്കിലും ഭൂതകാലത്തിന്റേതാണ്. മനസ്സ് ഭൂതകാലത്തിന്റെ പരിണാമഫലമായതിനാൽ, അതിന് എപ്പോഴെങ്കിലും സ്വതന്ത്ര്യമാവാൻ കഴിയുമോ?

*ചോദ്യകർത്താവ്:* അപ്പോൾ തന്നെക്കുറിച്ചുള്ള അറിവാണെങ്കിലോ?

കൃഷ്ണമൂർത്തി: ആദ്യമായി മനസ്സ് എങ്ങനെ അറിവുകളെ ശേഖരിച്ചു വയ്ക്കുന്നുവെന്നും എന്തിനിങ്ങനെ ചെയ്യുന്നുവെന്നും മനസ്സിലാക്കുക. അറിവ് എവിടെ ആവശ്യമാണെന്നും എവിടെ അത് സ്വാതന്ത്ര്യത്തിന് പ്രതിബന്ധമാകുന്നുവെന്നും മനസ്സിലാക്കുക. നിങ്ങൾക്ക് എന്തെങ്കിലും ചെയ്യണമെങ്കിൽ അറിവ് തീർച്ചയായും ആവശ്യമാണ് - കാറോടിക്കാൻ, ഒരു ഭാഷ സംസാരിക്കാൻ, സാങ്കേതിക ജോലികൾ ചെയ്യാൻ. പക്ഷേ നാം ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുന്നത് ഒരാളെ മാനസികമായി ശീലവിധേയമാക്കുന്ന അറിവിനെയാണ്.

നിരീക്ഷകൻ അറിവിന്റെ സംഭരണിയാണ്. അതിനാൽ നിരീക്ഷകൻ ഭൂതകാലമാണ്. അയാൾ ഗുണദോഷവിവേചകനാണ്; ശേഖരിച്ചുവച്ച അിറവിന്റെ അടിസ്ഥാനത്തിൽ അയാൾ വിലയിരുത്തുന്നു. തന്നെപ്പറ്റിയുള്ള കാര്യത്തിലും അയാളതാണ് ചെയ്യുന്നത്. അയാൾ മനശാസ്ത്രജ്ഞന്മാരിൽനിന്ന് തന്നെപ്പറ്റി അറിവുനേടി, തന്നെപ്പറ്റിയെല്ലാം പഠിച്ചുകഴിഞ്ഞെന്ന് കരുതുന്നു. ആ അറിവോടുകൂടിയാണ് തന്നെ കാണുന്നത്. പുതിയ കണ്ണുകൾകൊണ്ട് തന്നെ നിരീക്ഷിക്കുന്നില്ല. അയാൾ പറയുന്നു: "എനിക്കറിയാം, ഞാനെന്നെ കണ്ടിട്ടുണ്ട്. എന്റെ ചില ഭാഗങ്ങൾ അസാധാരണമാംവിധം സുന്ദരമാണ്, എന്നാൽ മറ്റുചില ഭാഗങ്ങൾ ഭയാനകവുമാണ്." അങ്ങനെ അയാൾതന്നെ വിധി പ്രസ്താവിക്കുന്നു. എന്നാൽ അയാൾ തന്നെപ്പറ്റി പുതുതായൊന്നും കണ്ടെത്തുന്നില്ല. കാരണം, നിരീക്ഷകനായ അയാൾ നിരീക്ഷിതവസ്തുവിൽ നിന്ന് - അതായത് തന്നിൽനിന്ന് - വേറിട്ടുനിൽക്കുകയാണ്. എല്ലായ്പ്പോഴും നമ്മുടെ എല്ലാ ബന്ധങ്ങളിലും നാം ചെയ്യുന്നതിതാണ്. മുഴുവനായി സുരക്ഷിതമായ, സുനിശ്ചിതമായ ഒരിടം കണ്ടെത്താനുള്ള ആഗ്രഹത്തെ അടിസ്ഥാനമാക്കിയാണ് മറ്റൊരാളോടുമായുള്ള ബന്ധം നിലകൊള്ളുന്നത്. നാം അറിവിൽ സുരക്ഷിതത്വം തേടുന്നു. അറിവിന്റെ സുക്ഷിപ്പുകാരൻ നിരീക്ഷകനാണ്, ചിന്തകനാണ്, അനുഭോക്താവാണ്, ഗുണദോഷവിവേചകനാണ്. അവൻ എപ്പോഴും നിരീക്ഷിതവസ്തുവിൽനിന്നും വേറിട്ടു നിൽക്കുന്നവനാണ്.

ധിഷണാശക്തി അറിവിന്റെ ശേഖരമല്ല. അറിവിന്റെ ശേഖരം സ്ഥിതമാണ്. വേണമെങ്കിൽ ഒരാൾക്ക് അതിനോട് കൂടുതൽ ചേർത്തുവയ്ക്കാം. എന്നാൽ അതിന്റെ കേന്ദ്രം സ്ഥിതമാണ്. സ്ഥിതമായ ഈ ശേഖരത്തോടെയാണ് നാം ജീവിക്കുന്നതും, പ്രവർത്തിക്കുന്നതും, ചായം വരയ്ക്കുന്നതും, എഴുതുന്നതും, ദ്രോഹങ്ങൾ ചെയ്യുന്നതും. ഇതിനെയാണ് നാം സ്വാതന്ത്ര്യമെന്നു വിളിക്കുന്നത്. അതിനാൽ മനസ്സിന്, അറിവിൽനിന്ന്, അിറഞ്ഞതിൽനിന്ന് മുക്തനാവാൻ കഴിയുമോ? ബുദ്ധിപരമായി വെറുതെ ചോദിക്കാതെ വളരെ ആഴത്തിൽ ചോദിക്കുമ്പോൾ ഇതൊരു അസാധാരണ ചോദ്യമാണ്. മനസ്സിന് എപ്പോഴെങ്കിലും അിറഞ്ഞതിൽനിന്ന് സ്വതന്ത്ര്യമാവാൻ കഴിയുമോ? അതില്ലെങ്കിൽ സൃഷ്ടിയില്ല; സൂര്യനുചുവട്ടിൽ പുതുതായൊന്നുമില്ല. പിന്നെ എല്ലായ്പ്പോഴും ഉണ്ടാവുന്നത് പരിഷ്കരിക്കപ്പെതിന്റെ പരിഷ്കരണമാണ്.

നിരീക്ഷകനും നിരീക്ഷിതവസ്തുവും തമ്മിൽ എന്തുകൊണ്ടാണ് ഈ ഭിന്നിപ്പുണ്ടാകുന്നതെന്ന് നാം കണ്ടുപിടിക്കണം. ഈ ഭിന്നതയ്ക്കപ്പുറം മനസ്സിന് കടക്കാൻ കഴിയുമോ? അങ്ങനെ അിറഞ്ഞതിൽനിന്ന് വിമുക്തമായി, തികച്ചും വ്യത്യസ്തമായൊരു തലത്തിൽ പ്രവർത്തിക്കാൻ കഴിയുമോ? അതായത്, അറിവിൽനിന്ന് വിമുക്തമായിരിക്കുമ്പോൾത്തന്നെ, ആവശ്യമുള്ളപ്പോൾ അറിവിനെ ഉപയോഗപ്പെടുത്താൻ ധിഷണാശക്തിക്ക് കഴിയും.

ധിഷണാശക്തി, സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു. സ്വാതന്ത്ര്യമെന്നാൽ എല്ലാ സംഘർഷങ്ങളുടെയും വിരാമത്തെ സൂചിപ്പിക്കുന്നു. നിരീക്ഷകൻ നിരീക്ഷിതവസ്തുവായിരിക്കുമ്പോൾ, ധിഷണാശക്തി വന്നെത്തുന്നു. കാരണം, അവിടെ വിഭജനമില്ല. ഇത് നിലകൊള്ളുമ്പോൾ സ്നേഹം ജനിക്കുന്നു. "സ്നേഹം" എന്ന അർത്ഥഗർഭമായ

# ശീലവിധേയത്വത്തിൽനിന്ന് മുക്തമായ മനസ്സ്

വാക്ക് ഉപയോഗിക്കാൻ എനിക്ക് സങ്കോചം തോന്നുന്നു. സന്തോഷം, ലൈംഗികത, ഭയം, അസൂയ, ആശ്രിതത്വം, ശേഖരിക്കാനുള്ള മോഹം എന്നിവയുമായി സ്നേഹമെന്ന വാക്കിനെ നാം ബന്ധപ്പെടുത്തുന്നു. സ്വതന്ത്രമല്ലാത്ത മനസ്സിന് സ്നേഹത്തിന്റെ അർത്ഥമറിയില്ല. അതിന് സന്തോഷമെന്തെന്നറിയുമായിരിക്കാം; അതിനാൽ ഭയവും. എന്നാൽ തീർച്ചയാും അവയൊന്നും സ്നേഹമല്ല.

അറിവായ ഭൂതകാലത്തിൽനിന്ന് മുക്തമായാലേ സ്നേഹമുണ്ടാവുകയുള്ളു. അത് എപ്പോഴെങ്കിലും സാദ്ധ്യമാണോ? അറിവിന്റെ ക്ഷണികതയിൽ നിന്ന് മുക്തമാവാൻ മനുഷ്യൻ പലതരത്തിലും ശ്രമിച്ചിട്ടുണ്ട്. അറിവിനപ്പുറത്ത്, ചിന്തയുടെ പ്രതിസ്പന്ദനത്തിനുമപ്പുറത്ത്, ഏതോ ഒന്ന് അയാൾ എല്ലായ്പ്പോഴും അന്വേഷിച്ചിട്ടുണ്ട്. അതിനാൽ അവൻ ദൈവമെന്ന പ്രതിരൂപത്തെയും അതിനു ചുറ്റുമുള്ള അനേകം അസംബന്ധങ്ങളെയും സൃഷ്ടിച്ചിട്ടുണ്ട്. ചിന്തയുടെ സങ്കല്പസൃഷ്ടികൾക്കപ്പുറത്ത് വല്ലതുമുണ്ടോ എന്ന് കണ്ടെത്തണമെങ്കിൽ എല്ലാ ഭയങ്ങളിൽനിന്നും വിമുക്തമാവണം.

*ചോദ്യകർത്താവ്:* താങ്കൾ മസ്തിഷ്കത്തെ ബുദ്ധിയെന്നും മനസ്സെന്നും വേർതിരിക്കുകയാണോ? മനസ്സ് വേറെ വല്ലതുമാണോ? അവബോധമാണോ?

*കൃഷ്ണമൂർത്തി:* നാം മനസ്സിനെ, ചിന്തയുടെ മുഴുവൻ പ്രക്രിയ, ഓർമ്മ, അറിവ്, മസ്തിഷ്കകോശങ്ങൾ എന്നിവയെല്ലാമടങ്ങിയ ഒരു വസ്തുവായിക്കാണുന്നു.

*ചോദ്യകർത്താവ്:* മസ്തിഷ്കകോശങ്ങളും ഇതിൽ പെടുമോ?

*കൃഷ്ണമൂർത്തി:* തീർച്ചയായും, മസ്തിഷ്കകോശങ്ങളെ മനസ്സിന്റെ ഇതരഭാഗങ്ങളിൽനിന്ന് വേർതിരിക്കാൻ കഴിയില്ല. മസ്തിഷ്കത്തിന്റെ കർത്തവ്യമെന്ത്? ഒരു കമ്പ്യൂട്ടറാണോ?

*ചോദ്യകർത്താവ്:* അതെ

*കൃഷ്ണമൂർത്തി:* ആയിരമായിരം കൊല്ലങ്ങളിലൂടെ സംയോജിക്കപ്പെട്ട അസാധാരണമായ ഒരു കമ്പ്യൂട്ടർ. അതിജീവനവും സുരക്ഷിതത്വവും നേടുവാനായിട്ടുള്ള നൂറ്റാണ്ടുകളായ അനുഭവത്തിന്റെ ഫലമാണ്. ബാഹ്യലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാ സംഭവങ്ങളെക്കുറിച്ചും നമുക്ക് അറിവുണ്ട്. എന്നാൽ തന്നെക്കുറിച്ച് തുച്ഛമായ അറിവേയുള്ള.

*ചോദ്യകർത്തവ്:* സൃഷ്ടിക്കാൻ ഓർമ്മയേയും അതുകൊണ്ട് കഴിഞ്ഞ കാലത്തെയും ആശ്രയിക്കാൻ പാടില്ലേ? താങ്കൾ കുറച്ചുമുമ്പ് പറയുകയുണ്ടായല്ലോ: വാസ്തവത്തിൽ സൂര്യനുചുവട്ടിൽ ഒന്നുമില്ല.

*കൃഷ്ണമൂർത്തി:* "സൂര്യനുചുവട്ടിൽ പുതുതായി ഒന്നുമില്ല" എന്ന് ബൈബിളിലെ സുവിശേഷം അങ്ങിനെ പറയന്നുണ്ട്. നാം ആശയപ്രകാശത്തെ, സൃഷ്ടിയെന്ന് തെറ്റിദ്ധരിക്കുന്നില്ലേ? സർഗ്ഗശക്തിയുള്ള ഒരാൾക്ക് ആശയപ്രകാശത്തിന്റെ ആവശ്യമുണ്ടോ? ചിന്തിച്ചു നോക്കൂ. "ആവിഷ്കരിക്കേണ്ട വല്ലുതു മൂലം എനിക്ക് നിറവേറണം." ഞാനൊരു കലാകാരനാണെന്ന ബോധമുണ്ട്; എനിക്ക് ചിത്രം വരയ്ക്കണം, അല്ലെങ്കിൽ കവിതയെഴുതണം എന്നു നാം പറയുന്നു. സർഗ്ഗശക്തിക്ക് ആശയാവിഷ്കാരം ആവശ്യമാണോ? ഒരു കലാകാരന്റെ ആവിഷ്ക്കാരം, ക്രിയാത്മകതയിൽ സ്വതന്ത്രമായ മനസ്സിനെ സൂചിപ്പിക്കുന്നുണ്ടോ? ഒരാൾ കവിതെയെഴുതുന്നു, അല്ലെങ്കിൽ ചിത്രം വരയ്ക്കുന്നു - അത് സർഗ്ഗാത്മകമനസ്സിനെ സൂചിപ്പിക്കുന്നുണ്ടോ? സർഗ്ഗാത്മകത എന്നാലെന്ത്? അത് ഭൂതകാലത്തിന്റെ യാന്ത്രി കമായ ആവർത്തനമല്ല.

*ചോദ്യകർത്താവ്:* സൃഷ്ടിയിൽ ആശയാവിഷ്കരണം തീർച്ചയായും ആവശ്യമാണ്. അല്ലായിരുന്നുവെങ്കിൽ നമുക്ക് ലോകംതന്നെ ഉണ്ടാകുമായിരുന്നില്ല.

*കൃഷ്ണമൂർത്തി:* സർഗ്ഗാത്മകതയ്ക്ക് ആവിഷ്കരണം ആവശ്യമാണോ? എന്താണ് സർഗ്ഗാത്മകത? സർഗ്ഗാത്മക മനസ്സിലെ വികാരമെന്ത്?

*ചോദ്യകർത്താവ്:* മനസ്സിന് പ്രചോദനമുണ്ടാകുമ്പോൾ അതിന് ശ്രേഷ്ഠവും സുന്ദരവുമായ ഒന്നിനെ സൃഷ്ടിക്കാൻ കഴിയുന്നു.

*കൃഷ്ണമൂർത്തി:* സർഗ്ഗാത്മകമായ മനസ്സിന് പ്രചോദനം ആവശ്യമാണോ? മനസ്സ് സർഗ്ഗാത്മകമാവണമെങ്കിൽ സ്വതന്ത്രമായിരിക്കേണ്ടേ? അല്ലെങ്കിൽ അത് ആവർത്തിക്കുക മാത്രമാണ് ചെയ്യുക. ആവർത്തനത്തിലും പുതിയ ആശയങ്ങൾ ആവിഷ്കരിക്കാം; എങ്കിലും അത് ആവർത്തനവിരസവും യാന്ത്രികവുമായിരിക്കും. യാന്ത്രികമായ മനസ്സിന് സൃഷ്ടിക്കാൻ കഴിയുമോ? പിരിമുറക്കത്തിലും സംഘർഷത്തിലും പെട്ട മനുഷ്യമനസ്സ് സുന്ദരമായ കവിതകളും നാടകങ്ങളുമെഴുതുമ്പോഴും സർഗ്ഗാത്മകമാവുമോ?

*ചോദ്യകർത്താവ്:* അത് "ഈ ക്ഷണ" ത്തിലായിരിക്കണം, പിന്നീടൊരിക്കലല്ല.

*കൃഷ്ണമൂർത്തി:* "ഈ ക്ഷണം" എന്നാൽ എന്ത്? അത് യാന്ത്രികമായിരിക്കില്ല. അത് എല്ലാവിധ അറിവിന്റേയും പാരമ്പര്യത്തിന്റെയും ഭാരം ചുമക്കുന്നതായിരിക്കരുത്. അതായത് യഥാർത്ഥത്തിൽ അത്യധികം സ്വതന്ത്രമായിരിക്കണം — ഭയത്തിൽ നിന്ന് മുക്തമായ മനസ്സ്. അതാണ് സ്വാതന്ത്ര്യം, അല്ലേ?

*ചോദ്യകർത്താവ്:* എന്നാലും പിന്നെയും അതിന് സുരക്ഷ നേടണം. അതാണ് മസ്തിഷ്കത്തിന്റെ പ്രവർത്തനരീതി.

*കൃഷ്ണമൂർത്തി:* സുരക്ഷിതത്വം തേടുകയെന്നത് തീർച്ചയായും മസ്തിഷ്കത്തിന്റെ കർത്തവ്യമാണ്. എന്നാൽ ദേശീയത, മതവിശ്വാസങ്ങൾ, "ഇത് എന്റേത്, അത് നിന്റേത്" എന്നെല്ലാം പറഞ്ഞ് സ്വയം ശീലവിധേയമാക്കുന്ന മനസ്സ് സുരക്ഷിതമാണോ?

*ചോദ്യകർത്താവ്:* എതിർപ്പില്ലാതെ വളർച്ചയില്ലെന്ന് തോന്നുന്നു. അത് സിരാവിജ്ഞാനീയത്തിന്റെ ഭാഗമാണ്.

*കൃഷ്ണമൂർത്തി:* അങ്ങനെയോ?

*ചോദ്യകർത്താവ്:* ഉയർച്ചയില്ലാതെ താഴ്ചയില്ല. വികാസമില്ലാതെ സങ്കോചമില്ല.

*കൃഷ്ണമൂർത്തി:* നമുക്ക് നോക്കാം. അങ്ങനെയാണ് നാം ജീവിക്കുന്നത് — നന്മയുടേയും തിന്മയുടേയും ഇടയിൽ, അസൂയയുടെയും വെറുപ്പിന്റെയും സ്നേഹത്തിന്റെയും ഇടയിൽ, ഹിംസയുടേയും സൗമ്യതയുടെയും ഇടയിൽ; ആയിരമായിരം കൊല്ലങ്ങളായി ഇത് തുടരുന്നു. അത് യഥാർത്ഥമായതിനാൽ നാമത് സ്വീകരിച്ചുവെന്ന് പറയുന്നു. അങ്ങനെയാണോ ജീവിക്കേണ്ടത്? വെറുപ്പിന്റെയും അസൂയയുടെയും സന്തോഷത്തിന്റെയും ഭയത്തിന്റെയും ഇടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്ന മനസ്സിന് സ്നേഹമെന്തെന്ന് മനസ്സിലാക്കാൻ കഴിയുമോ? ആവിഷ്ക്കാരത്തിനും സാഫല്യത്തിനും പ്രശസ്തിക്കും അംഗീകാരത്തിനും യത്നിക്കുന്ന മനസ്സ് സർഗ്ഗാത്മകമായിരിക്കുമോ?

*"ബിയോൺഡ് വയലൻസ്" എന്ന പുസ്തകത്തിൽ നിന്ന്.* ■

*ഒന്നാം പേജിൽനിന്ന് തുടർച്ച*

# നിശ്ശബ്ദതയിൽ സംഭവിക്കുന്നത്

ണോ താങ്കൾ ചോദിക്കുന്നത്? മനസ്സ് അതിന്റെ അലച്ചിലുകളെല്ലാമവസാനിപ്പിച്ച് പ്രശാന്തതയിലെത്തുമ്പോൾ പിന്നെന്തുണ്ട് എന്നായിരിക്കുമോ താങ്കളുടെ ചോദ്യം? അഥവാ മനസ്സ് യാഥാർത്ഥത്തിൽ നിശ്ചലമാകുമ്പോൾ മറുവശത്തെന്തുണ്ട് എന്നാണോ താങ്കൾ ചോദിക്കാനുദ്ദേശിക്കുന്നത്?

*ചോദ്യകർത്താവ്:* ഞാൻ ഇതെല്ലാം ചോദിക്കുന്നുണ്ട്. മനസ്സ് നിശ്ചലമാകുമ്പോൾ അവിടെ പിന്നെ ഒന്നുമില്ലെന്ന് തോന്നും. എല്ലാ ചിന്തകൾക്കും പിന്നിൽ സുപ്രധാനമായ എന്തോ ഒന്ന് കണ്ടെത്താനുള്ള ത്വരയുണ്ട്. ബുദ്ധനും മറ്റു ചിലരും വാക്കുകളിൽ പകർത്താനാവാത്ത മഹത്തായ ആ എന്തോ ഒന്നിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ബുദ്ധൻ പറഞ്ഞു: 'അമേയമായതിനെ വാക്കുകൾ കൊണ്ട് അളക്കാതിരിക്കുക.' മനസ്സ് പൂർണ്ണമായും പ്രശാന്തമാകുന്ന ചില നിമിഷങ്ങൾ എല്ലാവരും അിറഞ്ഞിട്ടുണ്ടാകും. പക്ഷേ, അതത്ര മഹത്തായ കാര്യമൊന്നുമല്ല. അത് വെറും ശൂന്യത മാത്രം. എന്നിട്ടും നമുക്ക് തോന്നുന്നു, എന്തോ വലുത് തൊട്ടടുത്തുണ്ടെന്നും അത് കണ്ടെത്തിക്കഴിഞ്ഞാൽ ജീവിതം പൂർണ്ണമായും പരിവർത്തിതമാകുമെന്നും. ആളുകൾ പറയുന്നു, അതു കണ്ടെത്താൻ നിശ്ചലമായ മനസ്സ് ആവശ്യമാണെന്ന്. മാത്രമല്ല, എനിക്കറിയാം, ശബ്ദ കലാപങ്ങളില്ലാത്ത, നിശ്ചലമായ മനസ്സിനേ കാര്യക്ഷമതയും, പ്രത്യക്ഷ ബോധവും ഉണ്ടാകുകയുള്ളു. എന്നാൽ, ശബ്ദകലാപങ്ങളില്ലാത്ത, നിശ്ചലമായ ഒരു മനസ്സിനുപരിയായും എന്തോ ഒന്ന് ഉണ്ടായിരിക്കണം — നവമനസ്സിന്, നിഷ്കളങ്കമനസ്സിന്, സ്നേഹാർദ്ര മനസ്സിനുപോലും ഉപരിയായ എന്തോ ഒന്ന്.

*കൃഷ്ണമൂർത്തി:* അപ്പോൾ എന്താണ് താങ്കളുടെ ചോദ്യം? നിശ്ശബ്ദമായ, സംവേദനക്ഷമമായ, ജാഗ്രത്തായ മനസ്സ് ആവശ്യമാണ് — കാര്യക്ഷമമാകാൻ മാത്രമല്ല, നമുക്ക് ചുറ്റിലും നമ്മുടെയുള്ളിലുള്ള സംഗതികളെ കണ്ടറിയാനും. താങ്കളിപ്പോൾ ഇതാണ് പറഞ്ഞത്.

*ചോദ്യകർത്താവ്:* ദാർശനികരും ശാസ്ത്രജ്ഞരുമെല്ലാം എല്ലായ്പോഴും എന്തെങ്കിലും കണ്ടെത്തിക്കൊണ്ടിരിക്കുന്നു. ചിലർ വളരെ ബുദ്ധിശാലികളാണ്. പലരും ധർമ്മബോധമുള്ളവരുമാണ്. പക്ഷേ, അവർ കണ്ടെത്തിയതും സൃഷ്ടിച്ചതും പ്രകാശിപ്പിച്ചതും എല്ലാം വച്ചുനോക്കിയാലും അത്ര അധികമൊന്നുമില്ല. അവയിൽ ദൈവികമായതിന്റെ ഒരു സൂചനയും തീർച്ചയായുമില്ല.

*കൃഷ്ണമൂർത്തി:* ഇതിനെല്ലാം അതീതമായി പരിശുദ്ധമായ എന്തെങ്കിലുമുണ്ടോ എന്നാണോ താങ്കൾ ചോദിക്കുന്നത്? നിലനിൽക്കാനും ബുദ്ധിപരതയുടെ കൗശലങ്ങൾക്കുപരിയായ എന്തെങ്കിലും കണ്ടറിയാനും കഴിയുന്ന ഒരു വ്യത്യസ്ത മാനം മനസ്സിലുണ്ടോ എന്നാണോ താങ്കൾ ചോദിക്കുന്നത്? പരമമായതൊന്ന് ഉണ്ടോ അതോ ഇല്ലയോ എന്നാണോ താങ്കൾ വളച്ചുകെട്ടി ചോദിക്കുന്നത്?

*ചോദ്യകർത്താവ്:* അമൂല്യമായൊരു നിധിയുണ്ടെന്നും അതു ബോധത്തിന്റെ ഉറവിടമാണെന്നും വിശ്വാസമാകത്തക്കവണ്ണം പലരും പറഞ്ഞിട്ടുണ്ട്. അത് വിവരിക്കാനാവാത്തതാണെന്ന് എല്ലാവരും സമ്മതിക്കുന്നു. അതെങ്ങനെയാണ് കണ്ടെത്തേണ്ടത് എന്ന കാര്യത്തിലാണ് അവർ തമ്മിൽ വിയോജിപ്പ്. അത് സ്വയം പ്രകാശിതമാകുന്നതിനു മുമ്പു തന്നെ ചിന്ത അവസാനിക്കണം എന്നാണവർ വിചാരിക്കുന്നതെന്നു തോന്നുന്നു. ചിന്ത ഉണ്ടാകുന്നതുതന്നെ അതിൽ നിന്നാണെന്നു ചിലർ പറയുന്നു. അങ്ങനെയങ്ങനെ... അത് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്നേയില്ല എന്ന് എല്ലാവരും സമ്മതിക്കുന്നു. താങ്കളും ഏതാണ്ടതു തന്നെയാണ് പറയുന്നതെന്നു തോന്നുന്നു. ഞാനിപ്പോൾ ഏതെങ്കിലുമൊരു മാർഗത്തെയോ ഗുരുവിനെയോ വിശ്വാസത്തെയോ പിന്തുടരുന്നില്ല. അതീതമായ എന്തോ ഒന്നുണ്ട് എന്ന് ആരും പറയാതെ തന്നെ ഇപ്പോഴെനിക്കറിയാം. താങ്കളൊരിലയെ നോക്കുമ്പോൾ, അല്ലെങ്കിലൊരു മുഖം കാണുമ്പോൾ, നിലനിൽപ്പിന്റെ ശാസ്ത്രീയമോ ജൈവികമോ ആയ എല്ലാ വിശദീകരണങ്ങൾക്കുമുപരിയായി മഹത്തായ എന്തോ ഒന്നുണ്ട് എന്നു താങ്കൾക്ക് അനുഭവപ്പെടുന്നു. താങ്കൾ ഉറവയിൽനിന്നുതന്നെയാണ് പാനം ചെയ്യുന്നതെന്നു തോന്നുന്നു. ചിന്തയുടെ നിസ്സാരതയും പരിമിതിയും താങ്കൾ പറയുന്നത് ഞങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നു. ചിന്തയുടെ നിസ്സാരതയും പരിമിതിയും താങ്കൾ ഞങ്ങൾക്കു കാണിച്ചുതരുന്നു. ഞങ്ങൾ ശ്രദ്ധിക്കുന്നു, ധ്യാനിക്കുന്നു, പുതിയൊരു നിശ്ചലതയിലേക്ക് ഞങ്ങൾ വന്നെത്തുന്നു. സംഘർഷം അവസാനിക്കുന്നു. പക്ഷേ, പിന്നീടെന്ത്?

*കൃഷ്ണമൂർത്തി:* താങ്കളെന്തുകൊണ്ടാണിത് ചോദിക്കുന്നത്?

*ചോദ്യകർത്താവ്:* എന്തുകൊണ്ട് കാണാനാഗ്രഹിക്കുന്നു എന്ന് താങ്കൾ ഒരന്ധനോട് ചോദിക്കുകയാണ്.

*കൃഷ്ണമൂർത്തി:* ചർച്ചയിലെ, സമർത്ഥമായ ഒരു കരുനീക്കം എന്ന നിലയിലല്ല ഞാനീ ചോദ്യം ചോദിച്ചത്. നിശ്ശബ്ദമായൊരു മനസ്സ് ഒന്നും ചോദിക്കുന്നില്ല എന്ന് പറയാൻ വേണ്ടിയുമല്ല. അതീതമായ എന്തോ ഒന്നിനെ താങ്കൾ ശരിക്കും അന്വേഷിക്കുന്നുണ്ടോ എന്നറിയാനാണ്. ഉണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ ആന്തരോദ്ദേശ്യമെന്താണ്? ജിജ്ഞാസ? കണ്ടെത്താനുള്ള തിടുക്കം? ഇതിനുമുമ്പ് കാണാത്തൊരു സൗന്ദര്യം കാണാനുള്ള ആഗ്രഹം? കൂടുതൽ കൂടുതൽ ആവശ്യപ്പെടുകയാണോ അതോ 'ഏതൊന്നാണോ ഉള്ളത്' (what is) അതിനെ ശരിക്കുമറിയാൻ ശ്രമിക്കുകയാണോ എന്ന് സ്വയം കണ്ടെത്തുന്നത് താങ്കളെ സ്സംബന്ധിച്ചിടത്തോളം പ്രധാനമല്ലേ? രണ്ടും പരസ്പരവിരുദ്ധമാണ്. കൂടുതൽ ആവശ്യപ്പെടുക എന്നതു മാറ്റി നിർത്തിയാൽ പിന്നെ നാം കണക്കിലെടുക്കേണ്ടത് മനസ് നിശ്ശബ്ദമാകുമ്പോൾ 'ഏതൊന്നാണോ ഉള്ളത്' എന്നു മാത്രമാണ്. മനസ്സ് ശാന്തമാകുമ്പോൾ വാസ്തവത്തിൽ എന്തു സംഭവിക്കുന്നു? അതാണ് ശരിയായ ചോദ്യം. അതീതമായതെന്താണ്, അപ്പുറത്തുള്ളതെന്താണ് എന്നതല്ല, ശരിയല്ലേ?

*ചോദ്യകർത്താവ്:* അപ്പുറത്തുള്ളതെന്താണ് എന്നതുതന്നെയാണെന്റെ ചോദ്യം.

*കൃഷ്ണമൂർത്തി:* മനസ്സ് നിശ്ചലമാകുമ്പോൾ മാത്രമേ അപ്പുറത്തുള്ളത് കാണാനാവൂ. എന്തെങ്കിലും ഉണ്ടായിരിക്കാം. ഒന്നുമില്ലെന്നും വരാം. അതിനാൽ പ്രധാനമായത് മനസ്സ് നിശ്ചലമാക്കുക എന്നതു തന്നെയാണ്. പിന്നെ, അപ്പുറത്തെന്ത് എന്നതാണ് താങ്കളുടെ ഉൽക്കണ്ഠയെങ്കിൽ നിശ്ചലതയുടെ ശരിയായ അവസ്ഥയെന്ത് എന്നതല്ല താങ്കൾ നോക്കിക്കാണുന്നത്. അപ്പുറത്തെന്ത് എന്നതിലേക്കുള്ള ഒരു

# നിശ്ശബ്ദതയിൽ സംഭവിക്കുന്നത്

വാതിൽ മാത്രമാണ് താങ്കൾക്ക് നിശ്ചലതയെങ്കിൽ താങ്കളുടെ, ഉൽക്കണ്ഠ വാതിലിനെ സംബന്ധിച്ചല്ല. പക്ഷേ, വാസ്തവത്തിൽ പ്രധാനമായത് വാതിൽതന്നെയാണ്. മനസ്സിന്റെ നിശ്ചലത തന്നെയാണ്. അതിനാൽ അപ്പുറത്തെന്ത് എന്ന് നിങ്ങൾ ചോദിക്കരുത്. പ്രധാനമായത് ഒന്നേയുള്ളു -- മനസ്സിന്റെ നിശ്ചലത. അപ്പോൾ എന്തുസംഭവിക്കുന്നു? അത് മാത്രമാണ് നാം കണക്കിലെടുക്കേണ്ടത്. നിശ്ശബ്ദതയ്ക്കപ്പുറം എന്തുണ്ട് എന്നതല്ല.

*ചോദ്യകർത്താവ്:* ശരി. പക്ഷേ, എന്നെസ്സംബന്ധിച്ചിടത്തോളം നിശ്ശബ്ദതയ്ക്ക് ഒരു വാതിൽ എന്നതിനപ്പുറം പ്രാധാന്യമില്ല.

കൃഷ്ണമൂർത്തി: അതൊരു വാതിൽ മാത്രമാണ്, ശരിയായ സംഗതിയല്ല എന്നു നിങ്ങൾക്കെങ്ങനെ അറിയാം? മാർഗംതന്നെയാണ് ലക്ഷ്യം. അവ രണ്ടും വ്യത്യസ്തമായ കാര്യങ്ങളല്ല. നിശ്ശബ്ദത മാത്രമാണ് ശരിയായ കാര്യം. അതിലൂടെ താങ്കൾ കണ്ടെത്തുന്നതല്ല. നമുക്ക് കാര്യത്തോടൊപ്പം നിൽക്കാം. കാര്യമെന്തെന്ന് കണ്ടറിയുകയും ചെയ്യാം. അതിപ്രധാനമായ ഒരു സംഗതിയുണ്ട്. ഈ നിശ്ശബ്ദത, സ്വയം സിദ്ധമായ നിശ്ശബ്ദതയായിരിക്കണം. മയക്കുമരുന്നുകളാലോ, അഭ്യാസപദ്ധതികളാലോ, വാക്കുകളുടെ ആവർത്തനങ്ങളാലോ ഉണ്ടാക്കിയെടുത്തതായിരിക്കരുത്.

*ചോദ്യകർത്താവ്:* നിശ്ശബ്ദത സ്വയം വരുന്നു, പ്രേരണകൂടാതെ, കാരണം കൂടാതെ.

*കൃഷ്ണമൂർത്തി:* പക്ഷേ, താങ്കളുപയോഗിക്കുന്നത് ഒരു മാർഗ്ഗമായിട്ടാണ്.

*ചോദ്യകർത്താവ്:* അല്ല, ഞാൻ നിശ്ശബ്ദത അറിഞ്ഞിട്ടുണ്ട്. അവിടെ ഒന്നും ,സംഭവിക്കുന്നില്ല.

*കൃഷ്ണമൂർത്തി:* അതാണ് കാര്യം. വിളിച്ചുവരുത്താത്ത, പ്രേരിതമാകാത്ത, തേടപ്പെടാത്ത നിശ്ശബ്ദതയല്ലാതെ മറ്റൊരു വസ്തുതയുമില്ല. അവനവനേയും ലോകത്തേയും നിരീക്ഷിക്കുന്നതിന്റെയും മനസ്സിലാക്കുന്നതിന്റെയും സ്വാഭാവികമായ പരിണതിയാണത്. ഇവിടെ നിശ്ശബ്ദതയ്ക്കു പിന്നിൽ ഒരു പ്രേരണാശക്തിയുമില്ല. പ്രേരണാശക്തിയുടെ എന്തെങ്കിലും നിഴലോ സംശയമോ ഉണ്ടെങ്കിൽ ആ നിശ്ശബ്ദത നിർദ്ദേശിതമാണ്, ബോധപൂർവമാണ്. അതുകൊണ്ട് അത് നിശ്ശബ്ദതയേ അല്ല. നിശ്ശബ്ദത സ്വതന്ത്രമാണെന്ന് സത്യസന്ധമായി പറയാൻ കഴിയുമെങ്കിൽ, ആ നിശ്ശബ്ദതയിൽ യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്ത് എന്നതു മാത്രമാണ് പ്രസക്തമായ കാര്യം. ആ നിശ്ശബ്ദതയുടെ ഗുണനിലവാരവും മേന്മയുമെന്ത്? അത് ഉപരിപ്ലവമാണോ, മാഞ്ഞുപോകുന്നതാണോ, അളക്കാവുന്നതാണോ? അനുഭവിക്കുമ്പോൾ അഥവാ അനുഭവിച്ചുകഴിഞ്ഞശേഷം താങ്കളതിനെപ്പറ്റി ബോധവാനാണോ? നിശ്ശബ്ദനായിരുന്നു എന്നതിനെപ്പറ്റി താങ്കൾക്കറിയാമെങ്കിൽ അതൊരോർമ മാത്രമാണ്. മരിച്ചോരോർമ. സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ നിശ്ശബ്ദതയെപ്പറ്റി ബോധവാനാണെങ്കിൽ അത് നിശ്ശബ്ദതയാണോ? നിരീക്ഷകനില്ലെങ്കിൽ- അതായത് ഓർമകളുടെ ഭാണ്ഡമില്ലെങ്കിൽ അത് നിശ്ശബ്ദതയാണോ? ശരീരത്തിന്റെ രസതന്ത്രമനുസരിച്ച് വന്നും പോയും കൊണ്ടിരിക്കുന്ന ഒന്നാണോ അത്? നിങ്ങൾ ഒറ്റയ്ക്കാവുമ്പോൾ അതു വരുന്നുണ്ടോ? കൂടെ ആളുകളുള്ളപ്പോഴാണോ വരുന്നത്? അതോ ധ്യാനിക്കാൻ ശ്രമിക്കുമ്പോഴോ? നിശ്ശബ്ദതയുടെ സ്വഭാവമാണ് നാം മനസ്സിലാക്കാൻ ശ്രമിക്കുന്നത്. അത് സമ്പന്നമാണോ ദരിദ്രമാണോ? (അനുഭവമുണ്ടെങ്കിൽ സമ്പന്നമാണന്നോ വിദ്യാഭ്യാസമില്ലെങ്കിൽ ദരിദ്രമാണെന്നോ ഞാനുദ്ദേശിക്കുന്നില്ല.) അതിന് ആഴം കുറവാണോ? അത് നിഷ്കളങ്കമാണോ? കൃത്രിമമാണോ? മനസ്സിന് ഒരു വസ്തുതയെ നോക്കാനാവും. പക്ഷേ, അതിന്റെ സൗന്ദര്യം, ആഴം, ഗുണം ഇവ കാണാനാവില്ല. നിരീക്ഷകനില്ലാതെ നിശ്ശബ്ദതയെ നിരീക്ഷിക്കാനാവുമോ? നിശ്ശബ്ദതയുള്ളപ്പോൾ നിശ്ശബ്ദത മാത്രമേയുള്ളു. മറ്റൊന്നുമില്ല. അപ്പോൾ, ആ നിശ്ശബ്ദതയിൽ എന്തു സംഭവിക്കുന്നു? ഇതാണോ താങ്കൾ ചോദിക്കുന്നത്?

*ചോദ്യകർത്താവ്:* അതെ.

*കൃഷ്ണമൂർത്തി:* നിശ്ശബ്ദതയാൽ നിശ്ശബ്ദതയിൽ നിശ്ശബ്ദതയെ നിരീക്ഷിക്കാനാവുമോ?

ചോദ്യകർത്താവ്: ഇതൊരു പുതിയ ചോദ്യമാണ്.

*കൃഷ്ണമൂർത്തി:* താങ്കൾ ഞാൻ പറഞ്ഞത് ശ്രദ്ധിച്ചിരുന്നെങ്കിൽ ഇതൊരു പുതിയ ചോദ്യമല്ല. മസ്തിഷ്കം, മനസ്സ്, വികാരങ്ങൾ, ശരീരം— എല്ലാം ശാന്തമാണ്. ഈ പ്രശാന്തിക്ക്, നിശ്ചലതയ്ക്ക് നിശ്ചലനായ നിരീക്ഷകനായല്ലാതെ തന്നെത്തന്നെ നോക്കാനാവുമോ? നിശ്ശബ്ദതയുടെ പൂർണ്ണതയ്ക്ക് തന്റെ തന്നെ പൂർണതയെ നോക്കാനാവുമോ? നിശ്ശബ്ദത തന്നെപ്പറ്റിത്തന്നെ അറിയുന്നു--ഇവിടെ നിരീക്ഷകനും നിരീക്ഷിതവും തമ്മിൽ വിഭന്നമില്ല. അതാണു കാര്യം. നിശ്ശബ്ദത തനിക്കപ്പുറം എന്തെങ്കിലുമൊന്നിനെ കണ്ടെത്താൻ സ്വയം ഉപയോഗിക്കുന്നില്ല. അങ്ങനെയുള്ള നിശ്ശബ്ദതയേ ഉള്ളു. അപ്പോൾ സംഭവിക്കുന്നതെന്തെന്നു നോക്കൂ.

*"സംഭാഷണങ്ങൾ" എന്ന പുസ്തകത്തിൽ നിന്ന്.* ■

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*